# തെരുവുനായ്ക്കളെ വന്ധ്യംകരിക്കൽ പദ്ധതിക്ക് ഇന്നു തുടക്കം

തിരുവനന്തപുരം● ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരിക്കുന്ന (എബിസി) പദ്ധതിക്ക് ഇന്നു തുടക്കമാകും. ജില്ലയിലെ ആറു കേന്ദ്രങ്ങളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുന്നത്. പിഎംജിയിലെ ജില്ലാ വെറ്ററിനറി കേന്ദ്രം, പാറശാല, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, വർക്കല, ഇലകമൺ എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ നായ്ക്കളെ പിടികൂടി വന്ധ്യംകരിക്കുന്നത്. ഇതിനായുള്ള സ്ക്വാഡിനെയും സജ്ജീകരിച്ചുകഴിഞ്ഞു. ആറു കേന്ദ്രങ്ങളിലും പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനം ഇന്നു തുടങ്ങും.

നാലുപേരടങ്ങുന്ന സംഘമാണ് ഒരു സ്ക്വാഡിൽ ഉൾപ്പെടുന്നത്. ഇവർ തെരുവുനായ്ക്കളെ പിടികൂടി വെറ്ററിനറി കേന്ദ്രങ്ങളിൽ എത്തിച്ചു വന്ധ്യംകരണം നടത്തും. ഇതിനായി പ്രത്യേകം സജ്ജീകരിച്ച വാഹനവും മറ്റു സൗകര്യങ്ങളും നൽകിയിട്ടുണ്ട്. വന്ധ്യംകരിച്ച നായ്ക്കളെ മൂന്നു ദിവസം വെറ്ററിനറി കേന്ദ്രങ്ങളിൽ സൂക്ഷിക്കും. നായ്ക്കളെ താമസിപ്പിക്കുന്നതിനുള്ള പ്രത്യേകം കൂടുകളും ഈ ആറു കേന്ദ്രങ്ങളിലും ഉണ്ടാകും. മൂന്നു ദിവസം കഴിയുമ്പോൾ അവയെ പിടികൂടിയ സ്ഥലങ്ങളിൽ തിരികെവിടും. രണ്ടാംഘട്ടമായി ജില്ലയിലെ 11 ബ്ലോക്ക് കേന്ദ്രങ്ങളിലേക്കു കൂടി പദ്ധതി നീട്ടും.

പട്ടിപിടിത്തത്തിൽ പരിശീലനം ലഭിച്ച ആളുകളാണു സ്ക്വാഡിന്റെ നേതൃത്വം വഹിക്കുന്നത്. തെരുനായ്ക്കളെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനു ജില്ലാ പഞ്ചായത്ത് എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്നു പ്രസിഡന്റ് വി.കെ. മധു അറിയിച്ചു. പ്രത്യേക സ്ക്വാഡിനുള്ള വാഹനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. 20 ലക്ഷം രൂപ ഇതിനായി ജില്ലാ പഞ്ചായത്ത് നീക്കിവച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.